**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2344** **30-07-2021 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമും ധനസഹായവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതു വേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് പരിപാടികൾ നടത്താൻ കഴിയാതെ ജീവിത മാർഗ്ഗം വഴിമുട്ടിയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -'മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ |

| | | | |
|---|---|---|---|
| | | | പങ്കെടുത്തു. ആയതിന് 5,03,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000/- രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000/- രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000/- രൂപ വീതം പ്രതിഫലവും നൽകി വരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു. |
| (ബി) | ഇത്തരം കലാകാരന്മാർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ഒരുക്കിയും ധനസഹായം നൽകിയും ഉള്ള പരിപാടികൾക്ക് സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -‘മഴമിഴി ’ നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, |

| | | | |
|---|---|---|---|
| | | | മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാഡമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000/- രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000/- രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000/- രൂപ വീതം പ്രതിഫലവും നൽകി വരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ